**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2398

08.05.2017 -ൽ മറുപടിയ്ക്ക്

## എസ്.എ.ആർ.ബി.റ്റി.എം ഗവ. കോളേജിലെ വിവിധ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ എസ്.എ.ആർ.ബി.റ്റി.എം കോളേജിൽ നടന്ന് വരുന്നതും ഭരണാനുമതി ലഭിച്ചതുമായ വിവിധ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദാംശം, ഭരണാനുമതി ലഭിച്ച തുക എന്നിവ വിശദമായി ലഭ്യമാക്കാമോ;

(എ) കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം ഗവൺമെന്റ് കോളേജിൽ നടന്ന് വരുന്നതും ഭരണാനുമതി ലഭിച്ചതുമായ വിവിധ പദ്ധതികൾ താഴെപ്പറയുന്നു.

**1.എം.എൽ.എ.ഫണ്ട് -ആകെ 1 കോടി 93 ലക്ഷം രൂപ**

a. കോളേജ് ഗേറ്റ് നിർമ്മാണം
b. ആംഫി തിയേറ്റർ
} 53 ലക്ഷം രൂപ

53 ലക്ഷം രൂപ ചിലവു വരുന്ന പ്രസ്തുത പദ്ധതികൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്.
c.അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയവും ഫുട്ബോൾ കോർട്ടും (140 ലക്ഷം).

**2.പ്ലാൻ ഫണ്ട്- ആകെ 43 ലക്ഷം രൂപ**

a.വാട്ടർ ടാങ്ക്
35 ലക്ഷം രൂപ ചിലവ് വരുന്ന പ്രസ്തുത പ്രവൃത്തി നിർമ്മാണം നടന്നുവരുന്നു.
b.ലേഡീസ് അമിനിറ്റി സെന്റർ
8 ലക്ഷം രൂപ ചിലവുവരുന്ന ലേഡീസ് അമിനിറ്റി സെന്ററിന്റെ പ്രവൃത്തി നടന്നുവരുന്നു
c. ശുദ്ധജല വിതരണം പദ്ധതി (സി.ഐ.യു.പി 2016-17)
ശുദ്ധജല വിതരണ പദ്ധതിക്കായി 6 ലക്ഷം രൂപ മതിപ്പ ചിലവു വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

**3. സി.ക്യു.ഐ.പി 2016-17 (പ്ലാൻ ഫണ്ട്) ആകെ 25 ലക്ഷം രൂപ**

ചുറ്റുമതിൽ നിർമ്മാണം ഒന്നാംഘട്ടം
25 ലക്ഷം രൂപ ചെലവുവരുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

**4.സി.ക്യു.ഐ.പി 2016-17 (പ്ലാൻ ഫണ്ട്) ആകെ 75 ലക്ഷം രൂപ**

a.ചുറ്റുമതിൽ നിർമ്മാണം രണ്ടാം ഘട്ടം
50 ലക്ഷം രൂപ ചെലവുവരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്

b.എൻട്രൻസ് റോഡ് നിർമ്മാണം
8 ലക്ഷം രൂപ ചെലവു വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്യു.ഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്

c.പാർക്കിംഗ് ഷെഡ്
6 ലക്ഷം രൂപ ചെലവു വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്

d.ശുദ്ധജല വിതരണ പദ്ധതി
11 ലക്ഷം രൂപ ചെലവു വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡിയിൽ തുക ഡെപ്പാസിറ്റ് ചെയ്തിട്ടുണ്ട്

**5.നാക് ഫണ്ട് 2016-17-ആകെ 14 ലക്ഷം രൂപ**

കോളേജ് മെയിൻ ബിൽഡിംഗ് റൂഫിംഗ് ഒന്നാം ഘട്ടം. 14 ലക്ഷം രൂപ ചെലവു വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യൂ.ഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

**6.യു.ജി.സി ഫണ്ട്- ആകെ 2 കോടി രൂപ**

ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി യു.ജി.സി ഫണ്ട് 60 ലക്ഷ രൂപയും 140 ലക്ഷം രൂപയും സംസ്ഥാന വിഹിതവുമായി മൊത്തം 2 കോടി രൂപ ചെലവു വരുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്

**7.സി.ഡി.സി ഫണ്ട്- ആകെ 3.25 ലക്ഷം രൂപ**

2015-16 വർഷത്തെ സി.ഡി.സി ഫണ്ട് 3.25 ലക്ഷം രൂപ ചെലവു വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | 2006-2011 കാലയളവിൽ നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഭരണാനുമതി ലഭിച്ചിരുന്ന ഈ കോളേജിലെ സയൻസ് ബ്ലോക്ക് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഭരണാനുമതി ഉത്തരവ് കാലാഹരണപ്പെട്ട് പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | നബാർഡ് ആർ.ഐ.ഡി എഫ് -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിൽ വനം വകുപ്പ് എതിർപ്പ് ഉന്നയിച്ചിരുന്നു. ഇതേ തുടർന്ന് കരാറുകാരൻ ഫയൽ ചെയ്ത കേസ് കോടതിയിൽ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവ് 2017-18 വരെ നിലനിൽക്കുന്നു. ടി നിർമ്മാണ പ്രവൃത്തി NABARD-RIDF പദ്ധതിയിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളത് ; സർക്കാരിന്റെ ഏതെല്ലാം തലങ്ങളിലാണ് ഇത് നിർവ്വഹിക്കാനുള്ളത്; നടപടികൾ സമയബന്ധിതമായി എപ്പോൾ പൂർത്തീകരിക്കാനാകും; വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കണമെങ്കിൽ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കേണ്ടതുണ്ട്. . കോടതി വിധിക്ക് അനുസൃതമായി മാത്രമേ പ്രവൃത്തി ആരംഭിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ